**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3166** **14-02-2024 - ൽ മറുപടിയ്ക്ക്**

**മീൻപിടിത്തം, സംസ്കരണം, വിപണനം എന്നിവ ആദായകരമാക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ. കെ. എം. അഷ്റഫ്,<br>ശ്രീ. എൻ. എ. നെല്ലിക്കുന്ന്,<br>ശ്രീ. എൻ. ഷംസുദ്ദീൻ | | ശ്രീ സജി ചെറിയാൻ<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തിന്റെ ആഭ്യന്തര ഉപയോഗത്തിന് ആവശ്യമായ മത്സ്യം തദ്ദേശീയമായി ലഭിക്കുന്നുണ്ടോ; വ്യക്തമാക്കാമോ; | (എ) | സംസ്ഥാനത്തിന്റെ ആഭ്യന്തര ഉപയോഗത്തിനാവശ്യമായ മുഴവൻ മത്സ്യവും തദ്ദേശീയമായി ലഭിക്കുന്നില്ല . 2022-23 വർഷത്തിൽ സംസ്ഥാനത്തെ ആകെ മത്സ്യോദ്പാദനം 9,20,523 മെട്രിക് ടൺ ആണ് . ഇതിൽ 2,18,629 മെട്രിക് ടൺ മത്സ്യം കയറ്റുമതി ചെയ്തു . ആയത് കിഴിച്ച് ആകെ ആഭ്യന്തര മത്സ്യ ലഭ്യത 7,01,894 മെട്രിക് ടൺ ആണ് . 2022-23 വർഷത്തിൽ സംസ്ഥാനത്തെ വാർഷിക ആളോഹരി മത്സ്യ ഉപഭോഗം 27.08 കിലോ ഗ്രാം ആണ് . ഇത് പ്രകാരം സംസ്ഥാനത്ത് നിലവിൽ ദൈനംദിനം ഏകദേശം 2521 ടൺ മത്സ്യമാണ് ആവശ്യമായി വരുന്നത് . എന്നാൽ സംസ്ഥാനത്തിന്റെ ശരാശരി ദൈനം ദിന മത്സ്യ ലഭ്യത 1923 ടൺ ആണ് . അതനുസരിച്ച് 2022-23 ൽ കേരളത്തിൽ 2,08,270 മെട്രിക് ടൺ മത്സ്യത്തിന്റെ കുറവുണ്ടായി . അത് ഇതര സംസ്ഥാനങ്ങളായ തമിഴ്നാട് , ആന്ധ്രാപ്രദേശ് , കർണ്ണാടകം എന്നിവിടങ്ങളിൽ നിന്നുമാണ് കേരളത്തിലേക്കെത്തുന്നത് . |
| (ബി) | ഈ മേഖലയിൽ പ്രവർത്തിക്കുന്ന പരമ്പരാഗത മത്സ്യത്തൊഴിലാളികളെ ആഴക്കടൽ മത്സ്യബന്ധനത്തിൽ പങ്കാളിയാക്കാനുള്ള പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; | (ബി) | ഉണ്ട്. ആഴക്കടൽ മത്സ്യബന്ധനത്തിന്റെ സാധ്യതകൾ പ്രയോജനപ്പെടുത്തി പരമ്പരാഗത മത്സ്യത്തൊഴിലാളികളെ ഘട്ടം ഘട്ടമായി സുരക്ഷിതമായ യന്ത്രവൽകൃത ആഴക്കടൽ മത്സ്യബന്ധന രീതിയിലേക്ക് പരിവർത്തനം ചെയ്യുക എന്ന ലക്ഷ്യത്തോടെ പ്രധാനമന്ത്രി മത്സ്യ സമ്പദ യോജന (PMMSY) യിൽ ഉൾപ്പെടുത്തി കേന്ദ്ര, സംസ്ഥാന സർക്കാരുകളുടെ ധനസഹായത്തോടെ 10 ആഴക്കടൽ മത്സ്യബന്ധന ബോട്ടുകൾ 10 പേർ വീതം അടങ്ങുന്ന മത്സ്യത്തൊഴിലാളി ഗ്രൂപ്പുകൾക്ക് നൽകുന്ന 15 കോടി രൂപയുടെ പദ്ധതി സർക്കാർ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. |

| | | | |
|---|---|---|---|
| (സി) | മീൻപിടിത്തം, സംസ്കരണം, വിപണനം എന്നിവ ആദായകരമാക്കാൻ സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടികൾ എന്തെല്ലാമാണ്; വിശദമാക്കുമോ? | (സി) | തീരദേശ ലേലം വഴി മത്സ്യ സഹകരണ സംഘങ്ങൾ ശേഖരിക്കുന്ന മത്സ്യം , മത്സ്യഫെഡ് നേരിട്ട് മത്സ്യസംഭരണ കേന്ദ്രങ്ങളിൽ സംഭരിച്ച് അവ ഫിഷ് മാർട്ടുകൾ വഴി വിപണനം ചെയ്തു വരുന്നു. കൊച്ചിയിലെ കൊച്ചങ്ങാടിയിൽ പ്രവർത്തിക്കുന്ന മത്സ്യഫെഡ് ഐസ് ആന്റ് ഫ്രീസിംഗ് പ്ലാന്റിൽ മത്സ്യം സംഭരിക്കുകയും, അവ ശീതീകരിച്ച് കയറ്റുമതി ചെയ്യുകയും ചെയ്തു വരുന്നു . വിവിധതരം അച്ചാറുകളും (ചെമ്മീൻ, ചൂര, ഓലക്കൊടി , കണവ ) കട്‌ലറ്റ് , പീര എന്നീ വിവിധ ഉൽപ്പന്നങ്ങളും നിർമ്മിക്കുന്നു . കൂടാതെ 'റെഡി റ്റു ഈറ്റ് ആന്റ് റെഡി റ്റു കുക്ക്' വിഭവങ്ങൾ 'മത്സ്യഫെഡ് ഈറ്റ്സ് ആന്റ് മത്സ്യഫെഡ് ട്രീറ്റ്സ്' എന്ന പേരിൽ ചെമ്മീൻ ചമ്മന്തിപ്പൊടി , ചെമ്മീൻ റോസ്റ്റ് , രണ്ട് തരം ഫിഷ് കറിക്കൂട്ടുകൾ, ഫിഷ് ഫ്രൈ മസാല എന്നിവയും ഫിഷ് മാർട്ടുകൾ വഴി വിപണനം ചെയ്തു വരുന്നു . കൊല്ലം ജില്ലയിൽ ശക്തികുളങ്ങരയിൽ കോമൺ പ്രീ പ്രോസസ്സിംഗ് സെന്ററും മത്സ്യം സംഭരിക്കുന്നതിനുള്ള സംഭരണ കേന്ദ്രമായി പ്രവർത്തിക്കുന്നു . സംസ്ഥാനത്തിന്റെ വിവിധ ജില്ലകളിലായി ആധുനിക രീതിയിലുള്ള എയർകണ്ടീഷൻ സംവിധാനത്തോടു കൂടി 57 ഫിഷ് മാർട്ടുകളും, സഹകരണ സംഘം / ബാങ്കുമായി സഹകരിച്ച് 57 ഫ്രാഞ്ചൈസി മാർട്ടുകളും, 15 അന്തിപച്ച മൊബൈൽ മാർട്ടുകളും പ്രവർത്തിക്കുന്നുണ്ട് . കേരളത്തിലെ എല്ലാ നിയോജക മണ്ഡലങ്ങളിലും ഫിഷ് മാർട്ടുകൾ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. തിരുവനന്തപുരം ജില്ലയിൽ പ്രവർത്തിക്കുന്ന ഓൺലൈൻ മത്സ്യവിപണനം മറ്റ് ജില്ലകളിലേക്കും വ്യാപിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു . |

സെക്ഷൻ ഓഫീസർ